REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 19-03-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- NDA മുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രചാരണാർത്ഥം പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ പാലക്കാട് നഗരത്തിൽ റോഡ്ഷോ നടത്തും.
- ലോക്സഭാ തെരഞ്ഞെടുപ്പിന് തുടക്കം കുറിച്ച് ഒന്നാംഘട്ട തെരഞ്ഞെടുപ്പ് വിജ്ഞാപനം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പുറപ്പെടുവിക്കും.
- കാര്യക്ഷമവും സമർത്ഥവുമായ ഭരണത്തിനായി നിർമ്മിത ബുദ്ധി, തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.
- കടൽ മത്സ്യ ഇനങ്ങളുടെ സമ്പൂർണ്ണ സചിത്ര വിവരശേഖരണത്തിന് കൊച്ചിയിലെ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മൊബൈൽ ആപ്പ് പുറത്തിറക്കി.
- സ്വിസ് ഓപ്പൺ സൂപ്പർ 300 ബാഡ്മിന്റൺ ടൂർണമെന്റിന് ഇന്ന് സ്വിറ്റ്സർലൻഡിലെ ബാസലിൽ തുടക്കം.

## വാർത്തകൾ വിശദമായി

NDA മുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രചാരണാർത്ഥം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പാലക്കാട് നഗരത്തിൽ റോഡ്ഷോ നടത്തും. തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് ശേഷം

പ്രധാനമന്ത്രിയുടെ കേരളത്തിലെ ആദ്യ പ്രചാരണ പരിപാടിയാണ് പാലക്കാട് നടക്കുന്നത്. രാവിലെ പത്ത് മണിയോടെ കോട്ടമൈതാനം അഞ്ചുവിളക്കിൽ നിന്ന് ആരംഭിക്കുന്ന റോഡ്ഷോ സുൽത്താൻ പേട്ട വഴി ഹെഡ് പോസ്റ്റോഫീസ് റോഡിൽ സമാപിക്കും. രാവിലെ മേഴ്സി കോളേജ് ഗ്രൗണ്ടിൽ ഹെലികോപ്റ്ററിൽ വന്നിറങ്ങുന്ന പ്രധാനമന്ത്രി റോഡ് മാർഗം കോട്ടമൈതാനത്ത് എത്തും.

✪✪✪

ഇന്ത്യയുടെ ശബ്ദവും ഇന്ത്യയുടെ സ്ഥാപനങ്ങളും ഇന്ത്യയുടെ മുഴുവൻ ഭരണഘടനാ സംവിധാനങ്ങളും പിടിച്ചടക്കിയ ശക്തിയെക്കുറിച്ചാണ് മുംബൈയിൽ പരാമർശിച്ചതെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി വ്യക്തമാക്കി. ബിജെപിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി താൻ പറഞ്ഞത് വളച്ചൊടിക്കുകയാണെന്ന് സോഷ്യൽ മീഡിയ പോസ്റ്റിൽ രാഹുൽ ഗാന്ധി ആരോപിച്ചു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന് തുടക്കം കുറിച്ച് ഒന്നാംഘട്ട തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പുറപ്പെടുവിക്കും. 21 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 102 മണ്ഡലങ്ങളിലാണ് ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ്. ലക്ഷദ്വീപിലെയും പുതുച്ചേരിയിലെയും ജമ്മുകശ്മീരിലെയും ആൻഡമാൻ നിക്കോബാർ ദ്വീപിലെയും ഓരോ ലോക്സഭാ മണ്ഡലവും ഇതോടൊപ്പം വിധിയെഴുതും.

ബിഹാർ ഒഴികെ സംസ്ഥാനങ്ങളിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ സമയപരിധി ഈ മാസം 27 വരെയാണ്. പത്രികയുടെ സൂക്ഷ്മപരിശോധന 28 ന് നടക്കും. പത്രികകൾ 30 വരെ പിൻവലിക്കാവുന്നതാണ്. ബിഹാറിൽ പത്രിക സമർപ്പിക്കാൻ സമയപരിധി 20 വരെയും, സൂക്ഷ്മ പരിശോധന 30 നുമാണ്. അടുത്തമാസം 19 നാണ് ഒന്നാംഘട്ട വോട്ടെടുപ്പ്. വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും.

✪✪✪

ബിഹാറിൽ NDA സീറ്റ് വിഭജനം പൂർത്തിയാക്കി. ബിജെപി 17 ഉം ജെഡി (യു) 16 ഉം ലോക് ജനശക്തി പാർട്ടി (രാംവിലാസ്) അഞ്ചും സീറ്റുകളിൽ മത്സരിക്കും. മുൻ മുഖ്യമന്ത്രി ജിതൻ റാം മാഞ്ചിയുടെ ഹിന്ദുസ്ഥാനി അവാമി മോർച്ചയും ഉപേന്ദ്ര കുശ്‌വാഹയുടെ രാഷ്ട്രീയ ലോക് മോർച്ചയും ഓരോ സീറ്റിൽ മത്സരിക്കും.

✪✪✪

വയനാട്ടിൽ റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ഇന്ത്യയുടെ സ്ഥാനാർഥിയായി നുസ്രത്ത് ജഹാൻ മത്സരിക്കുമെന്ന് പാർട്ടി സംസ്ഥാന ഭാരവാഹികൾ കോഴിക്കോട്ട് അറിയിച്ചു.

RPI ദേശീയ വൈസ് പ്രസിഡന്റാണ് നുസ്രത്ത് ജഹാൻ.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിന് വോട്ടർ പട്ടികയിൽ ഇതുവരെ പേര് ചേർത്തിട്ടില്ലാത്തവർക്ക് ഈ മാസം 25 വരെ പേര് ചേർക്കാൻ അവസരം. നാമനിർദേശ പത്രിക സമർപ്പിക്കാൻ അവസാന തിയതിയുടെ പത്തുദിവസം

മുമ്പുവരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരം ലഭിക്കുന്നത്. 18 വയസ് തികഞ്ഞ ഏതൊരു ഇന്ത്യൻ പൗരനും തിരഞ്ഞെടുപ്പ് കമ്മിഷന്റെ പോർട്ടൽ വഴിയോ, വോട്ടർ ഹെൽപ് ലൈൻ ആപ് ഉപയോഗിച്ചോ, ബൂത്ത് ലെവൽ ഓഫീസർമാർ വഴിയോ വോട്ടർ പട്ടികയിൽ പേര് ചേർക്കാം.

✪✪✪

അടുത്തമാസം 26ന് നടക്കുന്ന പൊതു തെരഞ്ഞെടുപ്പ് എറണാകുളം ജില്ലയിൽ സമാധാനപരവും നീതിപൂർവവുമായി നടത്തുന്നതിനു ഒരുക്കങ്ങൾ പൂർത്തിയായി വരികയാണെന്ന് എറണാകുളം ജില്ലാ കളക്ടർ NSK ഉമേഷ് പറഞ്ഞു. ജില്ലയിലെ 25 ലക്ഷത്തി 97,594 വോട്ടർമാരിൽ 12 ലക്ഷത്തി 64,470 സ്ത്രീകളും, 13 ലക്ഷത്തി 33,097 പുരുഷന്മാരുമാണ് എന്ന് അദ്ദേഹം കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 27 ട്രാൻസ്ജെൻഡർമാരും, 18,855 ഭിന്നശേഷിക്കാരായ വോട്ടർമാരും ജില്ലയിലുണ്ട്. 85 വയസ്സിന് മുകളിൽ 28,093 വോട്ടർമാരും, 18 നും 19 നും ഇടയിൽ 19,841 വോട്ടർമാരും ജില്ലയിലുണ്ട്. 3094 വോട്ടിംഗ് യന്ത്രങ്ങളും 2980 കൺട്രോൾ യൂണിറ്റുകളും, 3209 വിവിപാറ്റ് മെഷീനുകളും സജ്ജമാക്കിയിട്ടുണ്ട്.

✪✪✪

തിരുവനന്തപുരം ജില്ലയിൽ തിരഞ്ഞെടുപ്പ് പ്രചാരണം സജീവം. ത്രികോണ മത്സരം നടക്കുന്ന തിരുവനന്തപുരം ലോക്

സഭാ മണ്ഡലത്തിൽ ഇന്ന് മൂന്ന് മുന്നണികളുടെയും സ്ഥാനാർത്ഥികൾ വിവിധയിടങ്ങളിൽ പര്യടനം നടത്തും.

സിറ്റിംഗ് എം.പിയും UDF സ്ഥാനാർത്ഥിയുമായ ശശി തരൂരിന്റെ തിരഞ്ഞെടുപ്പ് കൺവെൻഷൻ രാവിലെ ഇടപ്പഴിഞ്ഞി R.D.R ഹാളിൽ നടക്കും. മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. LDF സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രൻ ഇന്ന് വട്ടിയൂർക്കാവ് മണ്ഡലത്തിലെ വിവിധ സ്ഥാപനങ്ങൾ, തൊഴിൽ ശാലകൾ തുടങ്ങിയവ സന്ദർശിക്കും.

NDA സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ നേമം, തിരുവനന്തപുരം വെസ്റ്റ് നിയമസഭാ മണ്ഡലങ്ങളിൽ ഇന്ന് സന്ദർശനം നടത്തും. ഫുട്ബോൾ ക്ലബ് പരിപാടിയിലും അദ്ദേഹം പങ്കെടുക്കും.

✪✪✪

കൊല്ലം ലോക്സഭാ മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളെ അട്ടിമറിക്കാൻ ശ്രമം നടക്കുന്നുവെന്നും, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് UDF കൊല്ലം പാർലമെന്റ് തിരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാൻ എം.എം.നസീർ ജില്ലാ കളക്ടക്കും, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർക്കും പരാതി നൽകി. വില്ലേജ് തലത്തിൽ വിളിച്ചുചേർക്കുന്ന ബൂത്ത് ലെവൽ ഏജന്റുമാരുടെ യോഗം സംബന്ധിച്ച് BLO-മാർ, UDF-ന്റെ ബൂത്ത് ലെവൽ ഏജന്റ്മാർക്ക് അറിയിപ്പ് നൽകുന്നില്ലെന്നും ബുത്ത് ലവൽ ഏജന്റുമാരുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ നിന്ന് UDF

പ്രതിനിധികളെ ഒഴിവാക്കുകയാണെന്നും പരാതിയിൽ പറയുന്നു.

✪✪✪

കാര്യക്ഷമവും സമർത്ഥവുമായ ഭരണത്തിനായി നിർമ്മിത ബുദ്ധി, ബ്ലോക്ക്ചെയിൻ, ബിഗ് ഡാറ്റ അനലിറ്റിക്സ് തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താൻ രാഷ്ട്രപതി ദ്രൗപതി മുർമു സിവിൽ സർവീസ് ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു. രാഷ്ട്രപതി ഭവനിൽ സംസ്ഥാന സിവിൽ സർവീസ് ഓഫീസർമാരെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

പുതിയ ആശയങ്ങളുടെയും, സാങ്കേതികവിദ്യകളുടെയും, സംയോജനം, സങ്കൽപ്പിക്കാൻ പോലും കഴിയാത്തത്ര മാറ്റങ്ങൾ കൊണ്ടുവരുമെന്നും രാഷ്ട്രപതി പറഞ്ഞു. ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഭീഷണികൾ ലോകം അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ, പരിസ്ഥിതി സൗഹൃദ സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനും സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിനും നൂതനമായ നടപടികൾ കൈക്കൊള്ളേണ്ടത് അത്യാവശ്യമാണെന്നും ദ്രൗപതി മുർമു പറഞ്ഞു.

✪✪✪

പൊതുജനങ്ങളുടെ സഹകരണത്തോടെ കടൽ മത്സ്യ ഇനങ്ങളുടെ സമ്പൂർണ്ണ സചിത്ര വിവരശേഖരണത്തിന് കൊച്ചിയിലെ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച്

ഇൻസ്റ്റിറ്റ്യൂട്ട് മർലിൻ @ cmfri എന്ന മൊബൈൽ ആപ്പ് പുറത്തിറക്കി. രാജ്യത്തിന്റെ തീരങ്ങളിൽ പിടിക്കുന്ന മീനുകളുടെ ചിത്രങ്ങളും മറ്റു വിവരങ്ങളും ആപ്പിൽ അപ്‌ലോഡ് ചെയ്യാം. ഈ വിവരങ്ങൾ സമുദ്രാതിർത്തിയിലെ മത്സ്യയിനങ്ങളെ കൃത്യമായി തിരിച്ചറിയാനും മറ്റ് ശാസ്ത്രീയവിവര ശേഖരണത്തിനും കടൽ മത്സ്യസമ്പത്തിന്റെ സചിത്ര ഡേറ്റാബേസ് തയ്യാറാക്കാനും CMFRIയെ സഹായിക്കും. എ.ഐ സഹായത്തോടെ മൊബൈലിൽ ദൃശ്യം അപ്‌ലോഡ് ചെയ്യുമ്പോൾ സമ്പൂർണ്ണ വിവരങ്ങൾ ലഭ്യമാകുന്ന സംവിധാനം വികസിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

ജിയോടാഗിംഗ് ഉള്ളതിനാൽ വിവരം കൈമാറുന്ന മത്സ്യയിനങ്ങളുടെ കൃത്യമായ സ്ഥലം രേഖപ്പെടുത്താനും മത്സ്യലഭ്യതയുമായി ബന്ധപ്പെട്ട പഠനങ്ങൾ കുറ്റമറ്റതാക്കാനും ആപ്പ് സഹായകമാകും.

✪✪✪

സ്വിസ് ഓപ്പൺ സൂപ്പർ 300 ബാഡ്മിന്റൺ ടൂർണമെന്റിന് ഇന്ന് സ്വിറ്റ്സർലൻഡിലെ ബാസലിൽ തുടക്കമാകും. പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ മലേഷ്യയുടെ ലിയോങ് ജുൻ ഹാവോയെയും, കിഡംബി ശ്രീകാന്ത് തായ്‌വാന്റെ വാങ് ത്സു-വെയെയും നേരിടും. വനിതാ സിംഗിൾസിൽ P.V സിന്ധു ജർമ്മനിയുടെ ഇവോൻ ലിയുമായി മത്സരിക്കും.

വനിതാ ഡബിൾസിൽ അശ്വിനി പൊന്നപ്പ-തനിഷ ക്രാസ്റ്റോ സഖ്യം, ഇന്തോനേഷ്യയുടെ മെയ്‌ലിസ ട്രയാസ്

പുഷ്പ താസാരി - റേച്ചൽ അലസ്സിയ റോസ് സഖ്യവുമായും ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യം അമേരിക്കയുടെ ആനി സൂ, കെറി സൂ എന്നിവരുമായും ഏറ്റുമുട്ടും.

ഞായറാഴ്ച ടൂർണമെന്റ് സമാപിക്കും.

✪✪✪

പത്തനംതിട്ട ജില്ലയിൽ ചിക്കൻപോക്സ് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ.അനിതകുമാരി അറിയിച്ചു. വേരിസെല്ല സോസ്റ്റർ എന്ന വൈറസാണ് ചിക്കൻപോക്സിന് കാരണമാകുന്നത്. ചിക്കൻപോക്സ് മൂലമുണ്ടാകുന്ന കുമിളകളിലെ ദ്രവങ്ങളിലൂടെയും രോഗബാധയുള്ളവർ ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും മറ്റും തെറിക്കുന്ന കണങ്ങളിലൂടെയും അണുബാധ പകരാം.

✪✪✪

കാസർഗോഡ് - കാഞ്ഞങ്ങാട് ദേശീയ പാതയിൽ ചാലിങ്കാലിൽ സ്വകാര്യ ബസ് തല കീഴായി മറിഞ്ഞ് ഡ്രൈവർ മരിച്ചു. മധൂർ രാംനഗർ സ്വദേശി ചേതൻ കുമാറാണ് മരിച്ചത്.

മംഗലാപുരത്ത് നിന്നും കണ്ണൂരിലേക്ക് പോവുകയായിരുന്ന സ്വകാര്യ ബസാണ് ഇന്നലെ വൈകീട്ട് നിയന്ത്രണം വിട്ട് മറിഞ്ഞത്. വിദ്യാർത്ഥികളടക്കം 50 ഓളം പേർക്ക് പരിക്കേറ്റു.

✪✪✪

കണ്ണൂർ കേളകം പഞ്ചായത്തിലെ അടയ്ക്കാത്തോട് കരിയാം കാപ്പിൽ കണ്ടെത്തിയ കടുവയെ പിടികൂടാൻ ശ്രമം തുടരുന്നു. ഇന്നലെ വൈകിട്ടോടെ വനംവകുപ്പ് കരിയംകാപ്പിൽ രണ്ട് കൂടുകൾ സ്ഥാപിച്ചു. നിരീക്ഷണത്തിനായി പ്രദേശത്ത് നാല് ക്യാമറകളും സ്ഥാപിച്ചു. ക്യാമറകൾ നിരീക്ഷിച്ച് രാവിലെയും തിരച്ചിൽ തുടരുമെന്ന് വനം വകുപ്പ് അറിയിച്ചു. അതിനിടെ പ്രദേശത്ത് ഏർപ്പെടുത്തിയ നിരോധനാജ്ഞ ഇന്ന് വൈകുന്നേരം വരെ നീട്ടി.

✪✪✪

ലോക്സഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കണ്ണൂർ കലക്ടറേറ്റിലും 100 മീറ്റർ ചുറ്റളവിലും അടുത്ത മാസം 30ന് വൈകിട്ട് ആറ് മണി വരെ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടർ നിരോധനാജ്ഞ പ്രഖ്യാപിച്ചു. പ്രതിഷേധ പ്രകടനങ്ങൾ നടത്തുന്നതും പൊതുജനങ്ങൾ ഒത്തുകൂടുന്നതും നിരോധിച്ചു.

ഉത്തരവ് ലംഘിച്ച് കുറ്റക്കാരാണെന്ന് കണ്ടെത്തുന്ന വ്യക്തികൾക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം 1860-ലെ സെക്ഷൻ 188 പ്രകാരം നടപടിയെടുക്കും.

✪✪✪

ആകാശവാണി കോഴിക്കോട് പ്രാദേശിക വാർത്താ വിഭാഗത്തിൽ എഡിറ്റോറിയൽ എക്സിക്യൂട്ടീവ് / ന്യൂസ് റീഡർ-കം- ട്രാൻസ്ലേറ്റർ തസ്തികയിലേക്ക് രണ്ടു വർഷ കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷിക്കാൻ സമയ പരിധി ഇന്ന് അവസാനിക്കും. കൂടുതൽ വിവരങ്ങൾ

**newsonair.gov.in/vacancies എന്ന വെബ്സൈറ്റിലുണ്ട്. ഓൺലൈൻ അപേക്ഷകൾ applications.prasarbharati.org എന്ന വെബ് ലിങ്കിലാണ് നൽകേണ്ടത്.**

✪✪✪

**ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കോട്ടയം ജില്ലയിൽ പൊതുജനങ്ങൾ ആയുധം കൈവശം വെയ്ക്കുന്നതു നിരോധിച്ച് ജില്ലാ തെരഞ്ഞെടുപ്പു ഓഫീസറും ജില്ലാ മജിസ്ട്രേറ്റുമായ ജില്ലാ കളക്ടർ വി. വിഘ്നേശ്വരി ഉത്തരവിറക്കി. തെരഞ്ഞെടുപ്പു ഫലം പ്രഖ്യാപിക്കുന്ന ജൂൺ നാലുവരെ വിലക്ക് തുടരും.**

✪✪✪

**ലോക്സഭ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി പോസ്റ്ററുകൾ, നോട്ടീസുകൾ തുടങ്ങിയവ പ്രിന്റ് ചെയ്യുന്ന സ്ഥാപനങ്ങൾ 1951 ലെ ജനപ്രാതിനിധ്യ നിയമ പ്രകാരം നിബന്ധനകൾ പാലിക്കണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു.**

**അച്ചടിക്കുന്ന പ്രചാരണ സാമഗ്രികളിൽ, പ്രിന്ററുടെയും പ്രസിദ്ധീകരിക്കുന്ന ആളിന്റെയും പേരും വിലാസവും കോപ്പികളുടെ എണ്ണവും രേഖപ്പെടുത്തിയിരിക്കണം.**

✪✪✪